# ഏപ്രിൽ... ഏപ്രിൽ

## സുധീർ പണിക്കവീട്ടിൽ

പ്രക്രുതി നവഭാവുകത്വത്തിൻെറ പുത്തൻ നാമ്പുകളുമായി പൊടിച്ച് നിൽക്കുമ്പോൾ ഏപ്രിൽ മാസം ക്രൂരമാണെന്ന് എങ്ങനെ ഒരു കവിയ്ക്ക് പറയാൻ കഴിഞ്ഞു. ഇംഗ്ലീഷ് ഭാഷയിലെ പ്രശസ്തമായ കവിത "Wasteland" തുടങ്ങുന്നത് ഏപ്രിൽ ക്രൂരമായ ഒരു മാസമാണെന്ന് പറഞ്ഞ്കൊണ്ടാണു്. ഒന്നാം ലോകമഹായുദ്ധത്തിൻെറ കെടുതികളിൽ നിന്ന് പൂർണ്ണമായി മുക്തി ലഭിച്ചിട്ടില്ലാത്ത ഒരു ജനതയുടെ മാനസിക വികാരങ്ങളാണു അതിൽ പ്രകടമാകുന്നത്. മഞ്ഞ്മൂടി കിടന്ന്, അതിശൈത്യം അനുഭവിച്ച ഭൂമിയിൽ വസന്തം പിറക്കുമ്പോൾ സൗന്ദര്യത്തിൻെറ പ്രഭ പരക്കുന്നു. എന്നാൽ ആ മുഗ്ദ്ധ ഭാവങ്ങൾ ആസ്വദിക്കാൻ ദു:ഖത്തിൻെറ ശവപ്പറമ്പുകൾ മനസ്സിൽ പേറുന്ന മനുഷ്യർക്ക് എങ്ങനെ കഴിയും. മനുഷ്യരുടെ ഭാവമാറ്റങ്ങളെ പ്രക്രുതി സ്വാധീനിക്കുന്നുവെന്ന തത്വത്തിൻെറ അടിസ്ഥാനത്തിൽ പ്രക്രുതിയുടെ മാറ്റങ്ങളെ വീക്ഷിക്കുമ്പോൾ ഒന്നുമറിയാത്തപോലെ അണിഞ്ഞൊരുങ്ങുന്ന പ്രക്രുതിയെ നോക്കി ഒരു കവിയ്ക്ക് അങ്ങനെ പറയാം.ദീർഘകാല നൈരാശ്യത്തിൻെറ മരവിപ്പിൽ അമർന്ന്പോയ ഒരു മനസ്സിൻെറ മുന്നിൽ ആഹ്ലാദദായകങ്ങളായ രംഗങ്ങൾ അരങ്ങേറുമ്പോൾ മനസ്സ് ദു:ഖത്തിൻെറ കയങ്ങളിലേക്ക് കൂടുതലായി ആണ്ടുപോകുന്നു. ചുറ്റും തുടിക്കുന്ന ഹർഷാരവങ്ങളും, മനോജ്ഞമായ ദ്രുശ്യങ്ങളും ക്രൂരമാണെന്ന് മനസ്സ് അപ്പോൾ വേദ നയോടെ ചിന്തിക്കുന്നു. ഒരു യുദ്ധത്തിൻെറ നാശനഷ്ടങ്ങളിൽ തരിശ്ശായി പോകുന്ന ഭൂമിയുടെ ഒരു ചിത്രം കൂടുതൽ തീവ്രതയോടെ മനസ്സിൽ അവശേഷിക്കുമ്പോൾ പ്രക്രുതി പൂവ്വണിയുന്നത് അസ്വസ്ഥതയാണുളവാക്കുക എന്നു കവി സമർഥിക്കുന്നു. എന്നാൽ വസന്താഗമം കവികളെ ആനന്ദിപ്പിക്കുകയും ആ അനുഭൂതിയിൽ ലയിച്ച് ചേർന്ന് മനസ്സിനാഹ്ലാദം പകരുന്ന ധാരാളം കവിതകൾ അവർ രചിക്കയും ചെയ്തിട്ടുണ്ട്. ഒരു പൂ വിരിഞ്ഞ് നിൽക്കുന്നത് കാണുമ്പോൾ അത് കവികളെ മാത്രമല്ല സഹ്രുദയരായ ആരേയും ആകർഷിക്കുന്നു.

പ്രക്രുതിപ്രേമിയായ ആംഗലകവി വേഡ്സ്വർഥ് ഒരു ഏപ്രിൽ മാസത്തിൽ എഴുതിയ കവിതയാണു് ഡാഫോദിത്സ്. ഒരു ഏകാന്ത മേഘത്തെപോലെ അലയുമ്പോൾ നദീതീരത്ത് വിരിഞ്ഞ് നിൽക്കുന്ന കുറച്ച് ഡാഫോദിത്സ് പൂക്കളെ കവി കാണുന്നു. വെള്ളം കരയിലടുപ്പിച്ച വിത്തുകളിൽ നിന്നും മുളപൊട്ടിയുണ്ടായ കുറച്ച് പൂവ്വുകൾ എന്ന് കരുതിയ കവിയെ അത്ഭുതപ്പെടുത്തികൊണ്ട് ഡാഫോഡിത്സിൻെറ ഒരു നിര അദ്ദേഹം കണ്ടു. കവി ഭാഷയിൽ ഒറ്റ നോട്ടത്തിൽ പതിനായിരക്കണക്കിനു പൂക്കളെ അദ്ദേഹം കണ്ടു.

അമേരിക്കയിൽ വസന്തകാലം തുടങ്ങുന്നത് മാർച്ച് 21 നാണു. വസന്തം ആരംഭിച്ചുവെന്നതിൻെറ സൂചനയായി ഇവിടെ റോബിൻപക്ഷി വരുന്നു. വസന്തകാല പറവകൾ പാടാനെത്തും മുമ്പേ യൂറോപ്യൻ രാജ്യങ്ങളിൽ ഡാഫോഡിത്സ് എന്ന പൂ വിരിയാൻ തുടങ്ങുന്നു. കവി ഭാവനയിൽ ആ വിടരൽ ഒരു പക്ഷെ മാർച്ച് മാസത്തിൽ വീശുന്ന കാറ്റിൽ കൊഴിയാതെ നിൽക്കാമോ എന്നവ പരീക്ഷിക്കുമ്പോലെയെന്നും

കാണുന്നു. മലയാളനാട്ടിലെ വസന്തകാലത്തെ മാധവമാസം എന്നും പറയുന്നു. പൂങ്കുയിലുകൾ പാടുകയും, വർണ്ണാഭമായ പൂക്കൾ വിരിയുകയും, സുഗന്ധമാരുതൻ ചുറ്റികറങ്ങുകയും, സൂര്യരശ്മികൾ സ്വർണ്ണം പൂശി നിൽക്കുകയും ചെയ്യുന്ന അഭിരാമമായ പകലുകൾ. എങ്ങും സൗന്ദര്യം അലയടിച്ച്കൊണ്ട് പ്രക്രുതി പുളകംകൊള്ളുന്ന വസന്തകാലം. പി. ഭാസ്കരൻ മാഷ് എഴുതുന്നു : ''മാധവമാസത്തിൽ ആദ്യം വിരിയുന്ന മാതളപൂമൊട്ടിൻ മണം പോലെ." അത് അനുരാഗവതിയായ കാമുകിയെ ഓർക്കുമ്പോൾ അതിനോട് സാദ്രുശ്യപ്പെടുത്തിയാണു്. കന്യകമാരുടെ പ്രണയവും പ്രഫുല്ലപുഷ്പ്പങ്ങളും അവയുടെ സുഗന്ധവും മദകര മധുരമായ അനുഭൂതി പകരുന്നു. .സ്വർഗ്ഗം ഭൂമിയിലേക്ക് ഇറങ്ങിവരുന്ന ഈ കാലത്ത് വിരിയുന്ന പൂക്കൾ മനുഷ്യർക്ക് ഓരൊ സന്ദേശം നൽകുന്നു. കാറ്റിൽ തലയാട്ടുന്ന തരുവല്ലികൾക്കൊപ്പം സുഗന്ധനിശ്വാസം പുറപ്പെടുവിച്ച് നിൽക്കുന്ന പൂക്കളെ ശ്രദ്ധിക്കുന്നത് തന്നെ എത്രയോ സുഖകരമാണു്. പനിനീർപുഷങ്ങൾക്ക് മുള്ളുകൾ ഇല്ലായിരുന്നത്രെ. മനുഷ്യൻെറ ആദ്യത്തെ അനുസരണക്കേടിൽ പറുദീസ നഷ്ടപ്പെട്ട് അവർ ഭൂമിയിലേക്ക് ഇറങ്ങിവന്നപ്പോൾ പരിനീർപൂക്കളിൽ മുള്ളുകൾ നിറഞ്ഞു. അത് മനുഷ്യരെ ഓർമ്മപ്പെടുത്തി ഇനിമുതൽ നിൻെറ ജീവിതത്തിനു പരിപൂർണ്ണതയില്ല. അതേസമയം ആപ്പിൾ പൂങ്കുലകൾ കാറ്റിലാടികൊണ്ട് നമ്മളോട് കിന്നാരം പറയുന്നത് " പ്രേമത്തിൻെറ അരുണിമ നിൻെറ മ്രുദുലമായ കവിളുകളിൽ ശോണിമ പരത്തുന്നുവോ? എന്നാണു്. "കൊള്ളാം, അങ്ങനെ തന്നെ" എന്ന് ചുവന്ന റോസാദളങ്ങൾ മന്ത്രിക്കുമ്പോൾ ശ്വേതറോസാദളങ്ങൾ "അല്ല" എന്ന നിഷേധാർത്ഥത്തെ വ്യ്ജ്ഞിപ്പിക്കുന്നു. മല്ലീശ്വരൻെറ പ്രിയങ്കരിയാണു് മാധവമാസം. ഭൂമിദേവി പുഷ്പിണിയായി കാമദേവനുത്സവമായി എന്ന് അനശ്വരനായ കവി വയലാർ എഴുതുന്നു. സുന്ദരികളായ പഴയകാല മലയാളനടികളെകൊണ്ട് പെണ്ണിൻേറയും പ്രക്രുതിയുടേയും മാദകത്വം അഭ്രപാളികളിൽ പകർത്തിയിരുന്നു അന്നത്തെ അതുല്യ സംവിധായകർ..

അനുരാഗസുരഭിലമായ ഒരു കഥയാണു സൂര്യകാന്തിപൂക്കൾക്കുള്ളത്. പൂവ്വായി വിടരുന്നതിനു മുമ്പ് അത് ഒരു ജലദേവതയായിരുന്നുവെന്നും അല്ല പുരാതനനഗരമായ ബാബിലോണിലെ ഒരു രാജകുമാരിയായിരുന്നുവെന്നും അവൾ അപ്പോളോ ദേവനിൽ അനുരക്തയായിരുന്നെന്നും വിശ്വസിക്കുന്നു. പ്രണയാരംഭത്തിൽ അപ്പോളൊ ദേവൻ അവളുടെ സ്നേഹത്തെ സ്വീകരിച്ചെങ്കിലും പിന്നീട് മടുത്ത് പോയത്കൊണ്ടൊ എന്തോ ദേവൻ അവളെ ഗൗനിക്കാതെയായി. എന്നാൽ അവളാകട്ടെ അപ്പോളോ ദേവൻെറ തേരു പോകുന്ന വഴിയിൽ കണ്ണും നട്ട് അതിൻെറ ദിശയക്കനുസരിച്ച് തൻെറ ആയതനേത്രങ്ങൾ കൊണ്ട് കടാക്ഷമാലകൾ അർപ്പിച്ചിരുന്നു. അവസാനം ദേവനു അവളിൽ അനുകമ്പ തോന്നി അവളെ ഒരു പൂവ്വാക്കി മാറ്റിയത്രെ. മലയാളത്തിൽ ജി ശങ്കരക്കുറുപ്പ് സൂര്യകാന്തി എന്ന പേരിൽ മനോഹരമായ ഒരു കവിത എഴുതീട്ടുണ്ട്. അനുരാഗത്തിൻെറ ആദ്യനാളുകളിൽ ദേവൻ പൂവ്വിനോട് ചോദിക്കുന്നു. "മന്ദമന്ദമെൻ താഴും മുഗ്ദ്ധമാം മുഖം പൊക്കി സുന്ദര ദിവാകരൻ ചോദിച്ചു മധുരമായ്' വല്ലതും പറയുവാൻ ആഗ്രഹിക്കുന്നുണ്ടാവാമില്ലയോ, തെറ്റാണൂഹമെങ്കിൽ ഞാൻ ചോദിച്ചീലാ...

ഷേയ്ക്സ്പിയറിൻെറ ഒരു കഥാനായകൻ ഇങ്ങനെ പറയുന്നു. ഓ, ഏപ്രിൽ മാസത്തിൻെറ അസ്ഥിരമായ ശോഭക്ക് പ്രേമവസന്തവുമായി എന്തൊരു സാമ്യം. സൂര്യ കിരണങ്ങളുടെ എല്ലാ മനോഹരിതയോടും കൂടി ഒരു ദിവസം പ്രകാശിച്ച് നിൽക്കുമ്പോൾ അതാ അതിനെ ഒരു കരിമുകിൽ വന്ന് മറയ്ക്കുന്നു. പ്രേമാഭ്യർത്ഥന നടത്തുമ്പോൾ പുരുഷന്മാർ

ഏപ്രിൽ മാസം പോലെയും വിവാഹിതരാകുമ്പോൾ അവർ ഡിസംബർ മാസം പോലെയും പെരുമാറുന്നു എന്ന് ഷേയ്ക്സ്പിയർ എഴുതീട്ടുണ്ട്. ഏപ്രിൽ മാസത്തിൽ വസന്തം വരുന്നത്കൊണ്ടൊ, അപ്പോൾ നില നിൽക്കുന്ന അസ്ഥിരമായ പ്രക്രുതിയുടെ സ്വഭാവ വിശേഷം കൊണ്ടോ, എന്തുകൊണ്ടാണു കവി അങ്ങനെ എഴുതിയത്. എന്തായാലും ഏപ്രിൽ മാസം കവികളും സഹ്രുദയരും ഒരു പോലെ ഇഷ്ടപ്പെടുന്നു. വസന്തം വരുമ്പോൾ വിരിയുന്ന ഒരു പുവ്വാണു് കൗസ്ലിപ്സ്. അതിന്റെ തണ്ടിന്റെ ഉൾഭാഗത്ത് താഴെ സൂക്ഷിച്ച് നോക്കിയാൽ മാത്രം കാണുന്ന പുള്ളികൾ ഉണ്ട്. സിംബ്ലേൻ എന്ന നാടകത്തിലെ വില്ലൻ യാക്കിമോ ഉറങ്ങികിടന്നിരുന്ന ഇമോജെന്റെ മാർവ്വിടങ്ങൾക്ക് താഴെയുള്ള മറുക്പുള്ളികളെ, കൗസ്ലിപ്സ് പൂക്കളിൽ കാണുന്ന പുള്ളികളോട് ഉപമിക്കുന്നുണ്ട്. ഒരു മദ്ധ്യവേനൽ രാക്കിനാവ് എന്ന് ഈ ലേഖകൻ തർജ്ജ്മ ചെയ്യുന്ന ഷേയ്ക്സ്ഫിയരുടെ നാടകത്തിലെ ഒരു മായാമോഹിനി കൗസ്ലിപ്സ് പൂക്കളെ വർണ്ണിക്കുന്നു. ഞാൻ കുന്നുകൾക്കും, താഴ്വരകൾക്കും മേൽ സഞ്ചരിക്കുന്നു, കുറ്റിക്കാടുകളിലൂടെ, മുൾച്ചെടികൾ വളർന്നു നിൽക്കുന്ന സ്ഥലങ്ങളിലും, ചെടികളാൽ പരിധി നിർണ്ണയിച്ചിട്ടുള്ള , ഉദ്യാനങ്ങളിലും,വെള്ളത്തിലും, തീയ്യിലും എല്ലാം യഥേഷ്ടം സഞ്ചരിക്കുന്നു. ഞാൻ ഞങ്ങളുടെ രാജ്ഞിക്ക് വേണ്ടി പ്രവർത്തിക്കുന്നു. തുഷാരബിന്ദുക്കൾ പുൽതുമ്പുകൾക്ക് മേലേയും, പൂക്കളിലും അണിയിച്ച് അവരെ സന്തോഷിപ്പിക്കുന്നു. കൗസ്ലിപ്സ് പൂക്കൾ രാജ്ഞിയുടെ അംഗരക്ഷകരാണു്. അതിന്റെ ഇതളുകളിൽ കാണുന്ന പുള്ളികൾ രാജ്ഞിക്കുള്ള രത്നങ്ങളാണു്. അതിൽ കാണുന്ന പുള്ളികൾ, അതിൽ നിന്നും മനം മയക്കുന്ന സുഗന്ധം വരുന്നു. ഞാൻ പോയി തുഷാരബിന്ദുക്കൾ ശേഖരിച്ച് പൂക്കളുടെ ചെവിയിൽ ചാർത്തട്ടെ. കൗസ്ലിപ്സ് പൂക്കളിലെ മറുക് പുള്ളികൾ സൂക്ഷ്മമായി നിരീക്ഷിക്കുന്ന ഒരാൾക്ക് മാത്രം പ്രത്യക്ഷമാകുന്നവ യാണു്. എന്നാൽ കവി അതിനെ കാണുന്നു. ഏപ്രിൽ തെളിക്കുന്ന ചാറ്റൽ മഴയിൽ ഭൂമി കോരിത്തരിക്കയും മേയ് മാസങ്ങളിൽ മനോഹരങ്ങളായ പൂക്കൾ വിടർത്തി സ്നേഹവതിയായ ഒരു സുന്ദരിയെപോലെ സുസ്മിതം തൂകി നിൽക്കയും ചെയ്യുന്നു. ഏപ്രിൽ മാസത്തെ, മാസങ്ങളിൽ നല്ല മാസമെന്ന് പറയാമോ?

പൂക്കളും കവിതയും ഒരു സഹ്രുദയനു ഒരു പോലെ അനുഭവപ്പെടാം. വസന്തകാലം ഭൂമിയ്ക്ക് ഒരു പുഷ്പസദസ്സ് ഒരുക്കുകയും അവിടെ വൈവിദ്ധ്യമാർന്ന പൂക്കളെ അവതരിപ്പിക്കയും ചെയ്യുന്നു. കാറ്റിന്റെ താളത്തിനൊപ്പം ഒരു സുന്ദരിയെപ്പോലെ ന്രുത്തം വയ്ക്കുന്നു. പ്രക്രുതിയുടെ ഈ വിനോദപ്രദർശനം (carnival) കണ്ണ് എടുക്കാതെ നോക്കി നിൽക്കുമ്പോൾ എന്തനുഭൂതിയാണു്. കവികൾ എഴുതി വച്ചിട്ടുള്ള, വായിച്ചിട്ടുള്ള ഹ്രുദയാവർജ്ജകമായ വരികൾ ഓർമ്മകളിലേക്ക് ഒരു മഴചാറ്റൽ പോലെ ഓടിയെത്തുന്നു. വൈലറ്റ് പൂക്കളുടെ മങ്ങിയ നിറത്തെ പറ്റി പറയുമ്പോൾ ഷേയ്ക്സ്ഫിയർ റോമക്കാരുടെ സുന്ദരിയായ ദേവതയുടെ കൺപോളകൾ പോലെയാണവ എന്ന് ഉൽപ്രേക്ഷിക്കുന്നു. കൺപോൾകൾക്ക് വൈലറ്റ് നിറവും കൺപീലികൾക്ക് കറുപ്പ് നിറവും കൊടുത്ത് നയനങ്ങളെ മോടിപിടിപ്പിച്ചിരുന്നു ഗ്രീക്കിലേയും ഏഷ്യയിലേയും നാരിജനങ്ങൾ. ഒരു പൂവ്വിന്റെ നിറം കാണുമ്പോൾ കവിയുടെ ഹ്രുദയം ഭാവനയുടെ അലകൾ ഞൊറിയുന്ന ഭംഗി വായനകാരനെ ഒരു തരം ഉന്മാദ ലഹരി പകർന്ന് കൊടുക്കുന്നു. വളരെ പ്രേമാർദ്രരാകുമ്പോൾ പുരുഷന്മാർ സ്നേഹഭാജനങ്ങളുടെ കണ്ണുകളിൽ ചുംബിക്കാറുണ്ടല്ലോ. ഒരു പക്ഷെ ആ ആചാരത്തിന്റെ ഓർമ്മയിൽനിന്നാകാം ഈ പ്രയോഗം. വീഞ്ഞ്കുടിച്ച ചുണ്ടുകൾ കൊണ്ട് പ്രിയമുള്ളവളെ ചുംബിക്കരുതെന്ന

വിശ്വാസം കൊണ്ട് പുരുഷന്മാർ പെണ്ണിന്റെ കണ്ണുകളിൽ മുത്തമിട്ട് അവരെ ഓമനിച്ചിരിക്കാം. ഈ പൂക്കൾക്ക് ചുവപ്പ് കലർന്ന നീല നിറം കിട്ടിയതിനു പിന്നിൽ രണ്ട് കഥകൾ ഉണ്ട്. ഒന്ന് വീനസ്സ് തന്റെ പുത്രൻ ക്യൂപ്പിഡിനോട് ചോദിച്ചു. ചെറുപ്പക്കാരികളായ പെൺകുട്ടികളേക്കാൾ ഞാനല്ലേ അതീവ സുന്ദരി. ക്യൂപ്പിഡ് പറഞ്ഞു. അല്ല. അത്കേട്ട് കുപിതയായി വീനസ്സ് ആ പെൺകുട്ടികളെ തല്ലിച്ചതച്ചു. അങ്ങനെ അവർ വൈലറ്റ് നിറത്തിലുള്ള പൂക്കളായി. വൈലറ്റ് പൂക്കൾ ഒരിക്കൽ വെള്ള നിറത്തിലായിരുന്നത്രെ. വിനയാന്വിതയായ കന്യാമതാവ് തന്റെ മകൻ കുരിശ്ശിൽ കിടന്ന് അനുഭവിക്കുന്ന ക്ലേശങ്ങൾ കണ്ട് മനപ്രയാസത്തോടെ വിഷമിച്ചപ്പോൾ അതിന്റെ പ്രതിദ്ധ്വനിപോലെ സകല വൈലറ്റ് പൂക്കളും വെള്ള നിറത്തിൽ നിന്നും വൈലറ്റ് നിറം പ്രാപിച്ചു. ഇന്നും അനുാശോചന സൂചകമായി വൈലറ്റ് പൂക്കൾ ഉപയോഗിക്കുന്നു.

ഈ വർഷത്തെ ഏപ്രിൽ കഴിഞ്ഞ്പോയി. എങ്കിലും ഇനിയും വിട്ട്പോകാത്ത ഏപ്രിലിന്റെ മനോഹാരിത നുകരുക. പ്രക്രുതിയും ഋതുക്കളും മനുഷ്യമനസ്സുകളെ എന്നും ആകർഷിച്ച്കൊണ്ടിരിക്കുന്നു. പ്രക്രുതിയെ എന്നും സ്നേഹിക്കുക. വേഡ്സ് വർഥ് ഒരു കവിതയിൽ ഇങ്ങനെ എഴുതുന്നു. സ്നേഹിക്കുന്ന ഹ്രുദയങ്ങളെ പ്രക്രുതി ഒരിക്കലും വഞ്ചിച്ചിട്ടില്ല, അതവളുടെ വിശേഷപ്പെട്ട ഒരു ആനുകൂല്യം. പ്രക്രുതിസ്നേഹികളായ വായനകാർക്ക്, സാഹിത്യാസ്വാദകരായ വായനകാർക്ക് ഈ ലേഖനം സമർപ്പിക്കുന്നു.

ശുഭം